എൻ2/71/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 22/09/2018
ഫോൺ നമ്പർ. 0471-2328438
ഇ-മെയിൽ - scholarshipdpi@gmail.com

## സർക്കുലർ - 2

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് - ഓൺലൈൻ അപേക്ഷകൾ സമർപ്പണം/സൂഷ്മപരിശോധന സംബന്ധിച്ച നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത്.

സൂചന :- 1. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ തീയതി.14/08/2018
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നം. സർക്കുലർ തീയതി.08/08/2018

കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഒരു പ്ലാറ്റ്ഫോമിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ എല്ലാ കുട്ടികളും **നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - (NSP-2.0)** വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്ന തിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത കുട്ടികളെ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല എന്നും അറിയിച്ചിരുന്നു.

എന്നാൽ സൂചന (1) കത്തിലെ പുതുക്കിയ നിർദ്ദേശ പ്രകാരം 2018-19 വർഷം പുതിയതായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ മാത്രം (ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്നവർ) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുളള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുവാൻ പാടുളളതല്ല.**

**ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP -2.0) ലെ NEW USER REGISTER എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.**

<u>പൊതുനിർദ്ദേശങ്ങൾ</u>

- www.sholarships.gov.in എന്ന വെബ്സൈറ്റ് (NSP-2.0) വഴിയാണ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടത്.
- **ഓൺലൈൻ അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഒന്നും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുവാൻ പാടുള്ളതല്ല.**
- ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) അപേക്ഷകരായ കുട്ടിയുടെ പേരിലെ അക്ഷരങ്ങൾ - ആധാർ രേഖയിലും, ബാങ്ക് രേഖയിലും, സ്കൂൾ രേഖയിലും ഒരേ പോലെയാണെന്ന് ഉറപ്പു വരുത്തു
- **NMM സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എസ്. കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റുകൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.**
- ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണമായിരിക്കുകയോ, അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുണ്ട്.
- ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) മൊബൈൽ ഫോൺ കൈയ്യിൽ കരുതുക.
- NMM സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ പത്താം ക്ലാസിനു ശേഷം ഡിപ്ലോമോ/സർട്ടിഫിക്കേറ്റ് കോഴ്സിൽ ചേർന്ന് പഠിക്കുകയാണെങ്കിൽ തുടർന്ന് സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.
- അപേക്ഷകരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി കൂട്ടി ചേർത്തിട്ടുണ്ടാവണം.
- അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ **"മൊബൈൽഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക."**
- <u>NMM സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ വിവരങ്ങൾ പ്രഥമാധ്യാപകർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്. എന്നാൽ മുൻ വർഷങ്ങളിൽ ചെയ്ത രീതിയിൽ അർഹരായ കുട്ടികളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓൺലൈനായി അപ്‌ലോഡ് ചെയ്യാൻ പാടുള്ളതല്ല.</u>
- അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User ID/Password ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.
- **<u>ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ SC/ST വിഭാഗം കുട്ടികൾ ഒഴികെ മറ്റുള്ള എല്ലാ കുട്ടികളും കാറ്റഗറി (കമ്മ്യൂണിറ്റി) ജനറൽ എന്ന് രേഖപ്പെടുത്തുക.</u>**
- NMMS ന് അപേക്ഷിക്കുന്ന കുട്ടികൾ Competative Exam Passed എന്ന കോളത്തിൽ NMMS എന്ന് സെലക്ട് ചെയ്യേണ്ടതാണ്. തുടർന്ന് NMMS പരീക്ഷ റോൾ നമ്പർ, പരീക്ഷ നടത്തിയ വർഷം, സ്റ്റേറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക.

**ഓൺലൈൻ അപേക്ഷകൾ ഒക്ടോബർ 31 വരെ സമർപ്പിക്കാവുന്നതാണ്. ഒരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകുന്നതല്ല.**

| | സംശയങ്ങൾ | | പരിഹാര ക്രിയ |
|---|---|---|---|
| 1 | എൻ.എം.എം സ്കോളർഷിപ്പ് വാങ്ങുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരാണോ? | : | അല്ല |
| 2 | ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചു കൊണ്ടിരിക്കുന്ന കുട്ടികൾ എൻ.എം.എം സ്കോളർഷിപ്പ് ഓൺലൈൻ അപേക്ഷ എങ്ങനെ സമർപ്പിക്കണം? | : | ഈ വർഷത്തെ പുതുക്കൽ അപേക്ഷ പിൻവലിച്ച (Withdraw) ശേഷം എൻ.എം.എം. സ്കോളർഷിപ്പിന് അപേക്ഷിക്കുക. |
| 3 | എൻ.എം.എം. സ്കോളർഷിപ്പ് തുക എത്രയാണ്? എത്ര വർഷം ലഭിക്കും? | : | 12000 X 4 വർഷം = 48000/- |
| 4 | എൻ.എം.എം. സ്കോളർഷിപ്പ് ലഭിക്കാൻ എന്ത് ചെയ്യണം? | : | എസ്.സി.ഇ.ആർ.ടി നടത്തുന്ന മൽസര പരീക്ഷ വിജയിക്കണം |
| 5 | ഏതെല്ലാം കുട്ടികൾക്ക് ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാം? | : | പൊതുവിദ്യാലയങ്ങളിൽ (സർക്കാർ/എയ്ഡഡ്) 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. |
| 6 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? | : | ഓരോ വർഷവും ഓഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ അപേക്ഷിക്കാവുന്നതാണ്. നവംബർ മാസത്തിലാണ് പരീക്ഷ നടത്തുക. |
| 7 | ഇപ്പോൾ എൻ.എം.എം സ്കോളർഷിപ്പ് വാങ്ങുന്ന കുട്ടികൾ സ്കോളർഷിപ്പ് ലഭിക്കാൻ പ്രത്യേകം അപേക്ഷ നൽകേണ്ടതുണ്ടോ? | : | 2018-19 വർഷം കൂടി സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. ഇത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്. |
| 8 | ആധാർ നമ്പരില്ലാത്ത കുട്ടികൾക്ക് ഓൺലൈൻ അപേക്ഷ നൽകാൻ സാധിക്കുമോ? | : | രജിസ്ട്രേഷനു വേണ്ടി ബാങ്ക് അക്കൗണ്ട് നമ്പർ ഉപയോഗിക്കാവുന്നതും, പാസ് ബുക്ക് കോപ്പി അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. |
| 9 | ഓൺലൈൻ അപേക്ഷയിൽ തെറ്റ് സംഭവിച്ചാൽ? | : | 9496304015, 0471-2328438, 2580583 എന്നീ ഓഫീസ് നമ്പരുകളിൽ ബന്ധപ്പെടുക |
| 10 | എൻ.എം.എം. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടിയുടെ കുടുംബ വരുമാന പരിധി എത്രയാണ്? | : | കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കുറവായിരിക്കണം |
| 11 | സർക്കാർ/പൊതുമേഖലാ ജീവനക്കാരുടെ മക്കൾക്ക് എൻ.എം.എം സ്കോളർഷിപ്പിന് അർഹതയുണ്ടോ? | : | ഈ വിഭാഗക്കാരുടെ കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം കൂടുതലായതിനാൽ അപേക്ഷിക്കാൻ പാടുള്ളതല്ല. |
| 12 | സർക്കാർ/എയ്ഡഡ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് അപേക്ഷിക്കാമോ? | : | പറ്റില്ല |
| 13 | അപേക്ഷകരായ കുട്ടികൾക്ക് ബാങ്ക് അക്കൗണ്ട് നിർബന്ധമാണോ? | : | അതെ |
| 14 | സ്കോളർഷിപ്പ് അപേക്ഷ സമർപ്പിച്ച ശേഷം ബാങ്ക് അക്കൗണ്ട്, മൊബൈൽ നമ്പർ എന്നിവ മാറ്റാൻ കഴിയുമോ? | : | ഇല്ല |
| 15 | എൻ.എൻ.എം സ്കോളർഷിപ്പിന് പ്രത്യേക പരിഗണനാ വിഭാഗത്തിൽപ്പെടുന്നവർ ആരെല്ലാം? | : | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം മറ്റുള്ളവരെല്ലാം ജനറൽ വിഭാഗമാണ്. |
| 16 | ഈ വർഷം (2018-19) NSP വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടവർ ആരാണ്? | : | ഇപ്പോൾ (2018-19) IX-ാം ക്ലാസിൽ പഠിക്കുന്ന എൻ.എം.എം പരീക്ഷ വിജയിച്ച കുട്ടികൾ മാത്രം |

കൂടുതൽ വിവരങ്ങൾക്ക് :-

www.scholarships.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക

**നേരിട്ടുള്ള വിവരങ്ങൾക്ക്**

| |
|---|
| 0471-2328438, 0471-2580583, 9496304015 (ആഫീസ്), 9447990477<br>എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്. |

അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് -
1. എല്ലാ ഡി.ഡി.ഇ, മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും

} സ്കൂളുകൾക്ക് അടിയന്തിരമായി ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതാണ്.

3. ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര,

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.